# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2128

17.02.2016- ലെ മറുപടിക്ക്

## സഹകരണ സ്ഥാപനങ്ങൾ വഴി കൂടുതൽ സേവനങ്ങൾ

**ചോദ്യം**

**ശ്രീ. റ്റി. യു. കുരുവിള**

**മറുപടി**

**ശ്രീ. സി.എൻ. ബാലകൃഷ്ണൻ**
(സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി)

എ) സഹകരണ സ്ഥാപനങ്ങൾ വഴി കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(എ) സഹകരണ സ്ഥാപനങ്ങൾ വഴി കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ആരോഗ്യമേഖല, പട്ടികജാതി/പട്ടികവർഗ്ഗ മേഖല, അച്ചടിമേഖല, റബ്ബർ മാർക്കറ്റിംഗ് മേഖല, വനിതാ ക്ഷേമം എന്നീ മേഖലകളിൽ പഠനം നടത്തി വരികയും മറ്റ് മേഖലകളിൽ പഠനം നടത്തുന്നതിന് നടപടി സ്വീകരിച്ചു വരികയുമാണ്. ലേബർ കോൺട്രാക്റ്റ് സംഘങ്ങളുടേയും, ടൂറിസം സഹകരണ സംഘങ്ങളുടേയും അപ്പക്സ് ഫെഡറേഷനുകൾ രൂപീകരിക്കുകയും, പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് കൂടുതൽ സ്ഥാപനങ്ങളും കോഴ്സുകളും ആരംഭിക്കുകയും, കർഷക സേവന കേന്ദ്രങ്ങൾ ആരംഭിക്കുകയും, ജൈവ പച്ചക്കറി കൃഷി ലക്ഷ്യമാക്കിയുള്ള സുവർണ്ണകേരളം പദ്ധതി നടപ്പിലാക്കുകയും 'ഓപ്പറേഷൻകുബേര' യുടെ ഭാഗമായി നടപടി സ്വീകരിക്കുകയും വാർഷിക പദ്ധതികളിൽ പുതിയ ധനസഹായ പദ്ധതികൾ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ക്യാൻസർ കെയർ സെന്റർ, ഫ്ളാറ്റ് സമുച്ചയ നിർമ്മാണം എന്നിവ ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. സഹകരണ ബാങ്കുകൾ വഴി ആധുനിക ബാങ്കിംഗ് സേവനങ്ങൾ നല്കുന്നതിന്റെ ഭാഗമായി ബാങ്കുകളുടെ കമ്പ്യൂട്ടറൈസേഷൻ, എ.ടി.എം, കോർബാങ്കിംഗ്, ഇന്റർനെറ്റ് ബാങ്കിംഗ് എന്നിവ നടപ്പിലാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

ബി) സഹകരണ സ്ഥാപനങ്ങളിലെ പ്രവർത്തനം സുതാര്യവും അഴിമതിരഹിതവുമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) സഹകരണ സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങൾ സുതാര്യവും അഴിമതിരഹിതവുമാക്കുന്നതിന്റെ ഭാഗമായി സഹകരണ വകുപ്പിന്റെ കീഴിലുള്ള വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തുന്നതിനും സംഘങ്ങളിൽ കൃത്യമായ പരിശോധന നടത്തുന്നതിനാവശ്യമായ രീതിയിൽ വകുപ്പിലെ ജനറൽ വിഭാഗം പുന:സംഘടപ്പിക്കുന്നതിനും ആഡിറ്റ് കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള ആഡിറ്റ് മാന്വൽ പരിഷ്ക്കരിക്കുന്നതിനും വകുപ്പിൽ കമ്പ്യൂട്ടറൈസേഷൻ/ഇ-ഗവേണൻസ് പദ്ധതികൾ നടപ്പിലാക്കുന്നതിനും വകുപ്പിലെ ഉദ്യോഗസ്ഥൻമാർക്ക് കൂടുതൽ പരിശീലനം നൽകുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**